(ബി) എങ്കിൽ എവിടെയെന്നും സെക്രട്ടറിയെ പ്രസിഡന്റ് മർദ്ദിക്കാൻ ഇടയാക്കിയ സാഹചര്യം എന്തെന്നും അന്വേഷിച്ച് വെളിപ്പെടുത്തുമോ?

ഉത്തരം

(എ) മർദ്ദിച്ചു എന്ന പരാതി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്.

(ബി) തിരുവനന്തപുരം ജില്ലയിലെ വാമനപുരം ബ്ലോക്ക് പഞ്ചായത്ത് ഓഫീസിൽ നടന്നതായ സംഭവത്തെക്കുറിച്ച് വകുപ്പ് തല അന്വേഷണം നടന്നുവരുന്നു.

23 (2714) ബി.ഡി.ഒ.മാരുടെ കൺഫർമേഷൻ

ശ്രീ. പി.പി. സുലൈമാൻ റാവുത്തർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഫിഷറീസും ഗ്രാമവികസനവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് നിലവിലുള്ള ബി.ഡി.ഒ. തസ്തികയിലെ ഒഴിവുകൾ നികത്തുവാൻ എന്തൊക്കെ നടപടികൾ സ്വീകരിച്ചുവെന്ന് വെളിപ്പെടുത്തുമോ;

(ബി) ഗ്രാമവികസന വകുപ്പിൽ കൺഫർമേഷൻ കിട്ടിയില്ല എന്ന കാരണത്താൽ ബി.ഡി.ഒ.മാർ പലരും അവർ മുമ്പ് ജോലി ചെയ്ത വകുപ്പുകളിലേക്ക് മടങ്ങിപ്പോകുന്നതായി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(സി) മൂന്നു കൊല്ലത്തിലധികം സേവന ദൈർഘ്യമുള്ള ബി.ഡി.ഒ.മാരുടെ നിയമനം കൺഫേം ചെയ്യാൻ നടപടി സ്വീകരിക്കുമോ?

ഉത്തരം

(എ) നേരിട്ടും ട്രാൻസ്ഫർ മുഖേനയുമുള്ള നിയമനങ്ങൾക്കായി ഒഴിവുകൾ പി.എസ്.സിക്ക് റിപ്പോർട്ട് ചെയ്തിട്ടുണ്ട്. പ്രൊമോഷൻ നൽകുന്നതിലേക്കായി ഡി.പി.സി. കൂടുന്നതിനുള്ള നടപടികൾ പുരോഗമിച്ചുവരുന്നു.

(ബി) ആരും മടങ്ങിപ്പോയതായി ശ്രദ്ധയിൽപ്പെട്ടിട്ടില്ല.

(സി) നിലവിലുള്ള ചട്ടപ്രകാരം ഇത് അനുവദനീയമല്ല.

24 (2715) ബി.ഡി.ഒ. മാരുടെ ഒഴിവുകൾ

ശ്രീ. പി.ജെ. ജോയി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഫിഷറീസും ഗ്രാമവികസനവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) സംസ്ഥാനത്തെ വിവിധ ബ്ളോക്കുകളിൽ പ്രൊമോഷൻവഴി ബി.ഡി.ഒ. മാരുടെ ഒഴിവുകളിൽ നിയമനം നടത്തുന്നതിന് വരുന്ന കാലതാമസം എന്തുകൊണ്ടാണ് എന്ന് വ്യക്തമാക്കുമോ;

(ബി) ബി.ഡി.ഒ. മാരുടെ നിയമനം വൈകുന്നതുമൂലം ജനകീയാസൂത്രണ പ്രവർത്തനങ്ങൾ തടസ്സപ്പെടുന്നത് ഗവൺമെന്റിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(സി) എങ്കിൽ ഡിപ്പാർട്ടുമെന്റൽ പ്രൊമോഷൻ കൗൺസിൽ ബാധകമാക്കാതെ ബി.ഡി.ഒ. നിയമനം പ്രൊമോഷൻവഴി നടത്തുന്നതിന് ഗവൺമെന്റ് നടപടി സ്വീകരിക്കുമോ?

LIBRARY ARCHIVES Kerala Legislative Assembly

ഉത്തരം

(എ) നേരിട്ടും ട്രാൻസ്ഫർ മുഖേനയുമുള്ള നിയമനത്തിന് പി.എ സ്.സി. ലിസ്റ്റ് നിലവിലില്ല. ഡി.പി.സി. ലിസ്റ്റിൽ നിന്നുമാത്രമേ പ്രൊമോഷൻ നൽകാൻ പാടുള്ളൂ എന്ന സർക്കാർ നിർദ്ദേശവും നിലവിലുണ്ട്. താല്കാലിക പ്രൊമോഷനുകൾ സർക്കാർ സ്റ്റേ ചെയ്തിരിക്കുകയാണ്. ഡി.പി.സി. ലിസ്റ്റ് തയാറാക്കാനുള്ള നടപടികൾ ത്വരിത ഗതിയിലാണ്.

(ബി) ഉണ്ട്.

(സി) ഡിപ്പാർട്ടുമെന്റൽ പ്രൊമോഷൻ കമ്മിറ്റികൂടി സെലക്റ്റ് ലിസ്റ്റ് തയാറാക്കുന്നതിന് നടപടികൾ ത്വരിതപ്പെടുത്തിവരുന്നു.

25 (2716) ഗ്രാമവികസന വകുപ്പിലെ മിനിസ്റ്റീരിയൽ ജീവനക്കാരുടെ പ്രൊമോഷൻ

ശ്രീമതി എൻ.കെ. രാധ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഫിഷ റീസും ഗ്രാമവികസനവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) ഗ്രാമവികസന വകുപ്പിൽ മിനിസ്റ്റീരിയൽ ജീവനക്കാരുടെ പ്രൊമോഷൻ ഇപ്പോൾ നടത്താറുണ്ടോ;

(ബി) സീനിയോറിറ്റി ലിസ്റ്റിന്റെ അടിസ്ഥാനത്തിലാണോ പ്രൊമോ ഷൻ നടത്തുന്നത്;

(സി) പ്രസ്തുത ലിസ്റ്റിനു പുറത്തുനിന്ന് ഏതെങ്കിലും പ്രൊമോഷൻ നൽകാനുള്ള നീക്കമുണ്ടോയെന്നു വ്യക്തമാക്കുമോ?

ഉത്തരം

(എ) ഉണ്ട്

(ബി) നിലവിലുള്ള താല്കാലിക സീനിയോറിറ്റി ലിസ്റ്റിന്റെ അടിസ്ഥാ നത്തിലാണ് പ്രൊമോഷൻ നടത്തുന്നത്.

(സി) ഇല്ല.

26 (2717) സാംസ്കാരിക ചരിത്രം

ശ്രീ. ഡൊമിനിക് പ്രസന്റേഷൻ :
ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ :
ശ്രീ. കെ. ബാബു :
ശ്രീ. ബാലറാം : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഫിഷറീസ് ഗ്രാമവി കസനവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) സംസ്ഥാന കൾച്ചറൽ പബ്ളിക്കേഷൻ ഡിവിഷന്റെ ആഭിമുഖ്യ ത്തിൽ സംസ്ഥാനത്തിന്റെ സാംസ്കാരിക ചരിത്രം എഴുതുവാനുള്ള പദ്ധ തിക്ക് രൂപം കൊടുത്തിട്ടുണ്ടോ;

(ബി) ഇതിന്റെ പ്രോജക്ട് റിപ്പോർട്ട് തയാറാക്കിയിട്ടുണ്ടോ;

(സി) എത്ര വാല്യങ്ങളായിട്ടാണ് ഈ ചരിത്രം പ്രസിദ്ധപ്പെടുത്തു ന്നത്;

LIBRARY ARCHIVES Kerala Legislative Assembly